സമർപ്പിച്ചിട്ടുണ്ട്. കുട്ടനാട് വികസന ഏജൻസി ഒരു പ്രോജക്ട് നടപ്പിലാക്കിയതാണ്. സെക്കന്റ് ഫേസിന് വേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കി വരുകയാണ്. തൃശ്ശൂർ കോൾ നിലങ്ങളിൽ ഒരു പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെയൊക്കെ ഫലമായി നെല്ലിന്റെ ഉൽപ്പാദന ക്ഷമത സാവധാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകത്തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നത് നെൽക്കൃഷി മേഖലയാണ്. അവിടെ യന്ത്രവൽക്കരണം കൊണ്ടുവരാൻ പോകുന്നത് തൃശ്ശൂർ ജില്ലയിൽ എളുപ്പമാണ്. എന്നാൽ ആലപ്പുഴ ജില്ലയിൽ കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിൽ അത് പ്രയാസമാണ്. കൊയ്ത്തുമെതി യന്ത്രം വേണം. ഈ കാര്യങ്ങൾ കർഷകത്തൊഴിലാളികളുടെ സംഘടനാ നേതാക്കന്മാരും കർഷക സംഘങ്ങളുടെ നേതാക്കന്മാരും ഗവൺമെന്റും ഇരുന്ന് ചർച്ച ചെയ്ത് സൗമ്യമായ രീതിയിൽ പരിഹാരം കണ്ടെത്താനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും.

മി. സ്പീക്കർ : ചോദ്യം 62-ഉം 67-ഉം ഒരുമിച്ചെടുക്കാം.

പുതിയ മദ്യനയം

3 (* 62) ശ്രീ. എളമരം കരീം :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ പുതിയ മദ്യനയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഇതിനായി എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) മദ്യം ഉൽപ്പാദിപ്പിക്കുന്നതിലും ശേഖരിക്കുന്നതിലും വിൽക്കുന്നതിലും എന്തൊക്കെ ക്രമീകരണങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) മദ്യ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്ക് കള്ള് ഷാപ്പുകൾ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) വിദേശ മദ്യ വിൽപനയുടെ ചുമതല പൊതുമേഖലാ ഏജൻസിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ-ഇ) ഉണ്ട്. വിശദാംശങ്ങൾക്ക് അന്തിമരൂപം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly